നികുതി വെട്ടിപ്പ് തടയുന്നതിന് പാക്കേജ്

20 [1152] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിന് എന്തെങ്കിലും പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വിൽപ്പന നികുതി ഇനത്തിൽ 2003-2004 വർഷം സർക്കാരിന് ലഭിച്ച തുകയെത്ര; 2002-2003 വർഷത്തേക്കാൾ എത്ര രൂപയുടെ വർദ്ധനവാണ് കാണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നടപ്പിലാക്കിയിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്:

1. എൻഫോഴ്സ്മെന്റ് ജോയിന്റ് കമ്മീഷണറുടെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റലിജൻസ്/അന്വേഷണ വിഭാഗങ്ങൾ എല്ലാ ചെക്ക് പോസ്റ്റുകളിലും മിന്നൽ പരിശോധന നടത്തി ചെക്ക്പോസ്റ്റുകളിലെ കാര്യക്ഷമത ഉറപ്പുവരുത്തുകയും സംസ്ഥാനത്തുടനീളം വാഹന പരിശോധന നടത്തി നികുതി വെട്ടിപ്പ് പരമാവധി തടഞ്ഞ് വരുമാനം വർദ്ധിപ്പിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പുതുതായി പ്രാബല്യത്തിൽ വരുന്ന ഇടവഴികളിൽ താൽക്കാലിക ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനു പുറമെ വണ്ടികൾ ഓവർ ചെക്കിംഗ് നടത്തിയും ചെക്ക് പോസ്റ്റ് ഡിക്ലറേഷനുകൾ പരിശോധിച്ചും നികുതി വെട്ടിപ്പ് തടയുന്നു. മൊബൈൽ സ്കാഡുകളും ഇതിനായി രംഗത്തുണ്ട്.

2. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി പാഴ്സൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ ശേഖരിക്കുന്നു.

3. നികുതി വെട്ടിപ്പ് സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചു കഴിഞ്ഞാൽ വിൽപ്പന നികുതി നിയമത്തിലെ റൂൾ 26 പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നു.

4. ചരക്കുവാഹനങ്ങൾ തടഞ്ഞുനിർത്തി പരിശോധിച്ച് രേഖകൾ ഇല്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.

5. റെയിൽവേസ്റ്റേഷൻ, വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നുകുതി വെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നു.

6. ഡെപ്യൂട്ടി കമ്മീഷണർമാർ അടക്കമുള്ള സെയിൽസ് ടാക്സ് ഓഫീസർമാരുടെ യോഗം വിളിച്ചുചേർത്ത് നികുതി പിരിവിന്റെ പുരോഗതി അവലോകനം ചെയ്യുന്നു.

7. നികുതി പിരിവിൽ കുറവു വന്നിട്ടുള്ള ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. ചെക്ക്പോസ്റ്റുകളിലെ അഴിമതി തടയുന്നതിനായി ഒരു വർഷം മുന്നു മാസത്തിൽ കൂടുതൽ ഒരു ഇൻസ്പെക്ടറേയും നിയമിക്കാതിരിക്കുന്നതിനായി പുൾ സിസ്റ്റം നിലവിലുണ്ട്.

9. നികുതി ചോർച്ച തടയുന്നതിന് പുതുതായി രൂപീകരിച്ചിട്ടുള്ള ഇൻവെസ്റ്റിഗേഷൻ വിംഗ് 2003 മുതൽ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ തന്നെ 52 ഇനം സാധനങ്ങൾക്ക് പ്രവേശന നികുതി ഈടാക്കുന്നുണ്ട്. അതിൽ 7 ഇനങ്ങൾക്ക് പ്രവേശനഘട്ടത്തിൽത്തന്നെ നികുതി ബാധകമാണ്. ഇതുമൂലം കള്ളക്കടത്തും നികുതി ചോർച്ചയും വലിയ ഒരളവോളം തടയാൻ കഴിയുന്നു.

(ബി) 6081.13 കോടി രൂപ. ഇത് 2002-2003 വർഷത്തേക്കാൾ 700.50 കോടി രൂപ കൂടുതലാണ്.

ലഘുസമ്പാദ്യ പദ്ധതി

21 [1153] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2003-2004-ൽ വർഷത്തിൽ സംഭരിച്ച ലഘുസമ്പാദ്യ തുക എത്രയാണ്;

(ബി) ലഘുസമ്പാദ്യ പദ്ധതികളുടെ പലിശനിരക്ക് വളരെ കുറവാണെന്നത് ഈ പദ്ധതികളിലേയ്ക്ക് ജനങ്ങളെ ആകർഷിക്കുന്നതിനു തടസ്സമായി നിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ലഘുസമ്പാദ്യ പദ്ധതികളുടെ പലിശനിരക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 2003-2004 വർഷത്തിൽ ലഘുസമ്പാദ്യ പദ്ധതിയിലൂടെ 4369.58 കോടി രൂപ മൊത്ത നിക്ഷേപമായും 2028.68 കോടി രൂപ മിച്ച നിക്ഷേപമായും സമാഹരിച്ചു.

(ബി) ഇല്ല. കഴിഞ്ഞ രണ്ട് വർഷങ്ങളായി ലഘുസമ്പാദ്യ പദ്ധതികളുടെ പലിശനിരക്ക് ദേശസാൽകൃത ബാങ്കുകളുടെയും ഷെഡ്യൂൾഡ് ബാങ്കുകളുടെയും പലിശനിരക്കിനേക്കാൾ ആകർഷകമാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly